# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD.15-1978/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/11/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD.15-1978/2022 തീയ്യതി: 29/11/2022

## പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-08-2021 മുതൽ 09-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ. ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2022 | 22-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-08-2022 | 22-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രേമാനന്ദ്. എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
വി.ടി. ഉഷാകുമാരി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എം.വി. ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ
കെ.വി. സന്ദീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഭാർഗ്ഗവൻ.ആർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ദിനേഷ്. കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ധന്യ. സി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഉഷ. എൻ. ആർ | ഹെഡ്മിസ്ട്രസ് | 01-04-2021 | 02-01-2022 |
| നളിനി | ഹെഡ്മിസ്ട്രസ് | 03-01-2022 | 19-03-2022 |
| ഉഷ. എൻ. ആർ | ഹെഡ്മിസ്ട്രസ് | 20-03-2022 | 31-03-2022 |
| സലീന. ബി.എച്ച് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 12-01-2022 |
| ഒഴിവ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13-01-2022 | 14-01-2022 |
| വനജ. എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15-01-2022 | 31-03-2022 |
| ശശികുമാർ. കെ | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| മനോജ്. എം | വി.ഇ.ഒ I | 01-04-2021 | 31-03-2022 |
| സുനിൽ കുമാർ. കെ | വി.ഇ.ഒ II | 01-04-2021 | 31-03-2022 |
| ഡോ. വൽസലകുമാരി. കെ.വി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| അശ്റഫ്. എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) ) | 01-04-2021 | 31-03-2022 |
| കിഷോർ. കെ | അസി. സെക്രട്ടറി | 01-04-2021 | 09-07-2021 |
| ഒഴിവ് | അസി. സെക്രട്ടറി | 10-07-2021 | 15-07-2021 |
| സുധീർ. എം | അസി. സെക്രട്ടറി | 16-07-2021 | 31-03-2022 |
| ഡോ. മനോജ് കുമാർ. എം | മെഡിക്കൽ ഓഫീസർ (PHC ) | 01-04-2021 | 31-03-2022 |
| ഡോ. ടി.വി. സുവിജ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 01-04-2021 | 31-03-2022 |
| സംഗീത വി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| മനു ചന്ദ്രൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഗ്രാന്റുകളുടെ സമയബന്ധിതമായ വിനിയോഗം ഉറപ്പുവരുത്തണം | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികളുടെ വിവരം | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി സംബന്ധിച്ച് | 1-11 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-12 |
| 14 | സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ സത്യവാങ്മൂലം വാങ്ങുന്നില്ല | 1-12-1 |
| 15 | ഭേദഗതി ചട്ടപ്രകാരം ലൈസൻസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-12-2 |
| 16 | അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിനെ അറിയിക്കുന്നില്ല | 1-12-3 |
| 17 | വാടക ഇനത്തിലുള്ള വരവ് -പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-13 |
| 18 | തനത് ഫണ്ടിൽ നിന്നുള്ള മുൻകൂർ ചെലവുകൾ-രേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ സംബന്ധിച്ച്. | 1-14 |
| 19 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് തുക മുൻകൂർ നൽകിയത്- സാമഗ്രികൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. നടപടി സ്വീകരിക്കേണ്ടതാണ്. | 1-15 |
| 20 | പദ്ധതികൾ ഉപേക്ഷിക്കപ്പെട്ട സാഹചര്യം വിലയിരുത്തേണ്ടതാണ്. | 1-16 |
| 21 | എം.സി.എഫ് ലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് അടിസ്ഥാന സൌകര്യങ്ങൾ ഇല്ല-നടപടി സ്വീകരിക്കണം. | 1-17 |
| 22 | ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികൾ | 1-18 |
| 23 | കന്നുകുട്ടി പരിപാലനപദ്ധതി - വിനിയോഗസാക്ഷ്യപത്രം | 1-19 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ്. | |
| 24 | വയോജനങ്ങൾക്ക കട്ടിൽ പദ്ധതി - ബില്ലിൽ നിന്നും ജി.എസ്.ടി ടി.എഡി.എസ് നടത്തിയത് - വിശദാംശങ്ങൾ ലഭ്യമാക്കണം. | 1-20 |
| 25 | ലൈഫ് ഭവന നിർമാണ പദ്ധതി- നിർമ്മാണ പൂർത്തീകരണത്തിന് നടപടി സ്വീകരിക്കണം | 1-21 |
| 26 | മാർഗ്ഗദീപ്തി പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-22 |
| 27 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക സ്കോളർഷിപ്പ് - ആവശ്യമായ തുക വകയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചു | 1-23 |
| 28 | ഹോമിയോ ഡിസ്പെൻസറിക്ക മരുന്ന വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. | 1-24 |
| 29 | നിക്ഷേപ പ്രവർത്തികൾ- മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കണം. | 1-25 |
| 30 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതു വിവരങ്ങൾ | 1-26 |
| 31 | പൊതുമരാമത്ത് പണി സ്ഥലത്ത് പ്രവൃത്തിയുടെ വിവരങ്ങൾ അടങ്ങിയ ബോർഡ് സ്ഥാപിക്കണം | 1-27 |
| 32 | ടേക്ക് എ ബ്രേക്ക് - പൊതു ശുചിമുറി പ്രവർത്തനം തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണം | 1-28 |
| 33 | പാൽ സബ്സിഡി അനുവദിച്ചതിൽ കുറവ് | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്ക് പത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

08.02.2021 തീയതിയിലെ 1-1തീരുമാനപ്രകാരം 2021-22ലെ മതിപ്പ് ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25.03.2022തീയതിയിലെ 1-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | മതിപ്പ് ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 8,214,040.00 | 27,538,873 |
| വരവ് | 298328500 | 297,968,500 |
| ആകെ | 306,542,540.00 | 325507373 |
| ചെലവ് | 296,249,000.00 | 297249000 |
| നീക്കിയിരിപ്പ് | 10,293,540.00 | 28,258,373 |

ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21.12.2020ന് ഘടക സ്ഥാപന മേധാവികൾക്ക് കത്ത് നൽകിയിട്ടുണ്ടായിരുന്നു. ആയുർവ്വേദ മെഡിക്കൽ ഓഫീസർ, ജി.എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ എന്നിവർ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. മറ്റ് സ്ഥാപന മേധാവികൾ പദ്ധതിയേതര വരവുചെലവുകളുടെ വിവരം ബജറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായി നൽകിയിട്ടില്ല.

ബഡ്ജറ്റിൽ ₹32.55 കോടി വരവും ₹29.72 കോടി ചെലവും വകയിരുത്തിയെങ്കിലും വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് ₹17.12 കോടിയും ചെലവ് ₹17.14 കോടിയും ആണ്. മുൻ വർഷത്തെ (2020-21) ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരവും ₹18 കോടിയോളമാണ് വരവും ചെലവും. പുതുക്കിയ ബഡ്ജറ്റ് തയ്യാറാക്കുമ്പോഴും അടുത്ത വർഷത്തേക്കുള്ള മതിപ്പു ബജറ്റ് തയ്യാറാക്കുമ്പോഴും തൻവർഷം നാളിതുവരെയുള്ള വരവുചെലവുകൾ പരിഗണിക്കുന്നില്ല. അതുകൊണ്ടുതന്നെ യഥാർത്ഥ വരവിന്റെ ഇരട്ടിയോളം ബഡ്ജറ്റിൽ വരവിലും ചെലവിലും വകയിരുത്തുന്നുണ്ട്.

ബഡ്ജറ്റ് തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കുന്നതിനായി GO(Rt) No.3291/2016/LSGD/02.12.2016 പ്രകാരം സംസ്ഥാന സർക്കാർ അംഗീകരിച്ച മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 01.07.2022 | ബാധകമല്ല | ബാധകമല്ല |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20769487.54 |
| വരവ് | 74024271.00 |
| ആകെ | 94793758.54 |
| ചെലവ് | 73644720.00 |
| നീക്കിയിരിപ്പ് | 21149038.54 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10870230 | 10870230 | 10864684 | 5546 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 16030308 | 16030308 | 11502925 | 4527383 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12641469 | 12641469 | 3633660 | 9007809 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7270359 | 7270359 | 3336764 | 3933595 |
| 14ാം ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് | 0 | 536118 | 536118 | 438962 | 97156 |
| 14ാം ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 0 | 4777356 | 4777356 | 1861640 | 6289776 |
| 15ാം ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് | 0 | 2824769 | 2824769 | 1597395 | 1227374 |
| 15ാം ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 0 | 4170000 | 4170000 | 795940 | 3374060 |

മുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന തുകകൾ കൂടാതെ പദ്ധതി നടത്തിപ്പിനായി വികസന ഫണ്ട് ഉറവിടത്തിൽ നിന്നും കുറവുചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഉറവിടത്തിൽ നിന്നും കുറവുചെയ്തത് | ACR പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | ACR പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 2089334 | 10870230 | 12959564 | 10864684 | 12954018 |
| വികസന ഫണ്ട്-എസ്.സി.പി | 564666 | 16030308 | 16594974 | 11502925 | 12067591 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| TSC | 3514376 | 192,000 | 3706376 | 1480575 | 2225801 |
| NREGS | .54 | 30,032,656 | 30032656.54 | 30032656 | 0.54 |
| ICDS | 1236274 | 806,994 | 2043268 | 1968368 | 74,900 |

NREGS വരവുചെലവുകളിൽ ബാങ്ക് പലിശ, ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മുൻകൂർ തുക ഇവ ഒഴിവാക്കി AFS പ്രകാരമുള്ള തുകയാണ് കാണിച്ചിരിക്കുന്നത്. പലിശയും മുൻകൂറുകളും ഉൾപ്പെടെയുള്ള തുക ഖണ്ഡിക 1-6ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| അഗതി രഹിത കേരളം | 30815 | 1,062,750 | 1062750 | 1,062,750 | 30815 |
| TSC | 3514376 | 192,000 | 3706376 | 1480575 | 2225801 |

### 1-4-1 ഗ്രാന്റുകളുടെ സമയബന്ധിതമായ വിനിയോഗം ഉറപ്പുവരുത്തണം

പദ്ധതിനടത്തിപ്പിനായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളിൽ തൻവർഷം വിനിയോഗിക്കാനാവാതെ നഷ്ടമായ ഗ്രാന്റുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | സി.ബി |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 10870230 | 10864684 | 5546 |
| വികസന ഫണ്ട്-എസ്.സി.പി | 16030308 | 11502925 | 4527383 |
| മെയിന്റനൻസ്, റോഡ് | 12641469 | 3633660 | 9007809 |
| മെയിന്റനൻസ്, നോൺ - റോഡ് | 7270359 | 3336764 | 3933595 |
| 14ാം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 536118 | 438962 | 97156 |
| 14ാം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 4777356 | 1861640 | 6289776 |
| ആകെ | | | 23861265 |

2021- 22വർഷം പദ്ധതി നടത്തിപ്പിനായി സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളിൽ ₹23861265/- (രണ്ടുകോടി മുപ്പത്തെട്ടുലക്ഷത്തി അറുപത്തൊന്നായിരത്തി ഇരുന്നൂറ്ററുപത്തഞ്ചു രൂപ) സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാനാവാത്തതിനാൽ നഷ്ടപ്പെടുകയുണ്ടായി.

സമയബന്ധിതമായി പ്രൊജക്ടുകൾ പൂർത്തീകരിച്ച് സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിന് ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 99614542 | 114 | 54236083 | 0 | 59 | 65.9 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി | 6 | 5 | 10372024 | 8543463 | 82.37 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| വെറ്ററിനറി സർജൻ | 5 | 5 | 1872200 | 1047798 | 55.97 |
| മെഡിക്കൽ ഓഫീസർ (PHC) | 4 | 4 | 980000 | 823593 | 84.04 |
| മെഡിക്കൽ ഓഫീസർ (Homoeo) | 2 | 2 | 251587 | 251587 | 100 |
| മെഡിക്കൽ ഓഫീസർ (ISM) | 2 | 2 | 1007207 | 1007207 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 1137000 | 287174 | 25.26 |
| ICDS സൂപർവൈസർ | 11 | 6 | 6711800 | 4714568 | 70.24 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 32 | 21 | 11895841 | 6617234 | 55.63 |
| ഹെഡ്മാസ്റ്റർ (GLPS) | 5 | 5 | 1595000 | 1578984 | 99 |
| VEO | 21 | 17 | 28307101 | 15920853 | 56.24 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 38 | 30138692 | 9430552 | 31.29 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 600000 | 600000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 4 | 4746090 | 3413070 | 71.91 |
| ആകെ | 173 | 114 | 99614542 | 54236083 | 54.45 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ 59 എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടില്ല. വകയിരുത്തിയ തുകകളിൽ 54.45% മാത്രമാണ് ചെലവഴിക്കാനായത്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്ട് അംഗീകാരം ലഭ്യമാക്കിയാലുടൻ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കേണ്ടതും കരാറിൽ പറഞ്ഞ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ കാലതാമസം മൂലം പ്രൊജക്ട് നടപ്പാക്കുന്നതിന് തടസം നേരിടുന്നത് ഒഴിവാക്കേണ്ടതാണ്. സമയബന്ധിതമായി പ്രൊജക്ട് നടപ്പാക്കുന്നതിലൂടെ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടാതെ പൂർണ്ണമായും ചെലവഴിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് വേഗം കൂട്ടുന്നതിനും സാധിക്കും.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1726378 | 1726378 | 1726378 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29615684 | 29615684 | 29615684 | 0 |
| | 0 | 31342062 | 31342062 | 31342062 | 0 |

ബാങ്ക് പലിശ, ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മുൻകൂർ തുക ഇവ ഉൾപ്പെടെയാണ് ഭരണച്ചെലവുകൾ കാണിച്ചിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികളുടെ വിവരം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 13029700 | 794 |
| വിധവാപെൻഷൻ | 20691200 | 1332 |
| വാർദ്ധക്യകാലപെൻഷൻ | 29978600 | 2058 |
| വികലാംഗപെൻഷൻ | 5712300 | 202 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1377600 | 89 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 360000 | 12 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 0.08.2022 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 3.00ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7393/- (ഏഴായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിമൂന്ന്) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കൈമാറിക്കിട്ടിയ സ്ഥാപന മേധാവികളിൽ മുഴുവൻ പേരിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാക്കണം. ബജറ്റിൽ വകയിരുത്തിയ വരവുചെലവിന്റെ പകുതി മാത്രമാണ് യഥാർത്ഥ വരവുചെലവുകൾ. ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ അനുസരിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി ആവിഷ്കരിക്കുന്നത് മുതൽ ശ്രദ്ധചെലുത്തിയാലേ പദ്ധതികളുടെ സമയ ബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്താനാവൂ. പദ്ധതി ആവിഷ്കരിക്കുമ്പോൾ തന്നെ ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

നികുതികൾ ഈടാക്കുന്നതിൽ ചട്ടങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്തണം. ലൈസൻസുകൾ അനുവദിക്കുന്നതിലും ചട്ടങ്ങൾ പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചട്ടങ്ങളിൽ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ അനുവർത്തിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് അനുവദിക്കുന്ന മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്, പദ്ധതി നടത്തിപ്പിനായി മുൻകൂർ തുക നൽകുമ്പോൾ കരാർ ഒപ്പുവെക്കേണ്ടതും തുകയുടെ വിനിയോഗം ഉറപ്പാക്കുകയും വേണം.

ലൈഫ് പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണത്തിന്റെ പൂർത്തീകരണം ഉറപ്പാക്കണം.

മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുമ്പോമ്പോൾ പരമാവധി ധനസഹായം ഉറപ്പാക്കേണ്ടതാണ്ടതാണ്.

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.5.2022 | 1.3.22 മുതൽ 31.3.2022 വരെ | 10.5.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-4-2011 മുതൽ 16-4-2011 വരെ | 2006-07 മുതൽ 2010-11 വരെ | 21.10.11 |

8/2019മുതൽ 3/2022 വരെയുള്ള കാലയളവിലെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുകളിൽ 27 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി സംബന്ധിച്ച്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

തേങ്കുറിശ്ശി പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം | കെട്ടിട നമ്പർ | അർദ്ധ വർഷം |
|---|---|---|---|---|
| 1 | കെ കെ ഫുഡ്സ് | 7 | 13/321 | 1&2 |
| 2 | ഫാം ഗൈഡ്സ് അസ്സോസിയേറ്റ്സ് | 5 | 7/148,149 | 1&2 |
| 3 | എഞ്ചിനീയറിംഗ് &ഫാബ്രിക്കേഷൻ | 3 | 1/541 | 1&2 |

സ്ഥാപന തൊഴിൽ നികുതി 2 അർദ്ധ വർഷത്തെയും ഈടാക്കിയിട്ടില്ല

1) വലിയാട്ട് കുന്ന് ക്ഷീര സഹകരണ സംഘം

2) മഞ്ഞളൂർ ക്ഷീര സഹകരണ സംഘം

3) പി വി ഗ്രാനൈറ്റിസ്

മേൽപറഞ്ഞ വിഷയത്തിന് ഓഡിറ്റ് അന്വേഷണം (8/16.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

2021-22 സാമ്പത്തിക വർഷത്തിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചതിന്റെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ പറയുന്നു.

### 1-12-1 സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ സത്യവാങ്മൂലം വാങ്ങുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. എന്നാൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ തൻവർഷം പുതുക്കലിനുള്ള അപേക്ഷയോടൊപ്പം മറ്റ് രേഖകളെല്ലാം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും അപേക്ഷകനിൽ നിന്നും ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം (9/16.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-12-2 ഭേദഗതി ചട്ടപ്രകാരം ലൈസൻസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2017 ൽ പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപേക്ഷാ ഫോം വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ ഇൻവെസ്റ്റ്മെന്റ് എത്രയാണെന്നോ ഉള്ള അടിസ്ഥാന വിവരം എല്ലാ ലൈസൻസ് അപേക്ഷകളിലും ലൈസൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.

അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താതെ ലൈസൻസ് ഫീസ് എപ്രകാരമാണ് ഈടാക്കിയതെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 22/22.08.2022) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സുമായി ബന്ധപ്പെട്ടുള്ള നിർദേശാനുസരണമാണ് നിലവിലെ ലൈസൻസ് ഫീസ് തുടരുന്നതെന്നും പുതിയ സ്ഥാപനങ്ങൾക്ക് സർക്കാർ മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് ഈടാക്കുന്നുണ്ട് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

ലൈസൻസ് എടുക്കുന്നതിനും പുതുക്കുന്നതിനും ലഭ്യമാവുന്ന അപേക്ഷയിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും 2017ലെ പുതുക്കിയ ചട്ടപ്രകാരം ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കേണ്ടതും ആണ്.

### 1-12-3 അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിനെ അറിയിക്കുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 40 കെട്ടിടങ്ങളാണ് ഉള്ളത് . 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം

നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോളും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടെയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ഉൾപ്പടെയുള്ള വിവരങ്ങൾ സർക്കാറിനെ അറിയിക്കേണ്ടതാണ്.

* അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാലേക്ക് അയക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.
* യു.എ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം (11/17.08.2022) ന് നൽകിയ മറുപടിയിൽ ഇപ്രകാരം പറയുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.11.2016 തീയതിയിലെ സ.ഉ(എം.എസ്)നം .170/2016 ത സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു.എ നമ്പർ അനുവദിച്ചിട്ടുണ്ട്, ആയത് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നീ സേവനകൾക്ക് താത്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ആവശ്യത്തിലേക്കാണ് ടി നമ്പർ അനുവദിച്ചിട്ടുള്ളത്. യു.എ നമ്പർ അനുവദിച്ച കെട്ടിടങ്ങൾ പോരായ്മകൾ പരിഹരിച്ച് അപേക്ഷ പുനഃപരിശോധിക്കുന്ന മുറക്ക് ടി കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിച്ച് വരുന്നുണ്ട്. നിലവിൽ ക്രമവത്കരണത്തിന് സമർപ്പിക്കാത്ത അപേക്ഷകൾ പരിശോധിച്ച് സർക്കാരിലേക്ക് അയക്കുന്നതാണ്.

1-13 വാടക ഇനത്തിലുള്ള വരവ് -പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

എ) ഷോപ്പിംഗ് ക്ലോംപ്ലക്സ് വാടക – ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കണം:

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള Shopping Complex ലെ 11 കെട്ടിടങ്ങൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം ആയതിന് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ചട്ടം 3 (6)പ്രകാരം സർക്കാരിന്റെയോ, സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം കിട്ടുന്നതുവരെ ബൈലോയ്ക്കോ അല്ലെങ്കിൽ ബൈലോയുടെ റദ്ദാക്കലിനോ യാതൊരു പ്രാബല്യവും ഉണ്ടായിരിക്കുന്നതല്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

ബി) ഷോപ്പിംഗ് ക്ലോംപ്ലക്സ് വാടക – കുടിശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം:
ഷോപ്പിംഗ് ക്ലോംപ്ലക്സ് വാടക രജിസ്റ്ററിന്റെ പരിശോധനയിൽ 8/202, 8/203, 8/204 എന്നീ മുറികളുടെ വാടകയിനത്തിൽ 56292/- രൂപ കുടിശ്ശികയുണ്ട്. ഈ മുറികൾ ബാംബൂ കോർപ്പറേഷൻ വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്.

ഇതുസംബന്ധിച്ച് നമ്പർ:4/12.08.2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, കെട്ടിട വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി വരുന്നുണ്ട്, ഉടൻ തന്നെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതാണ്, കൂടാതെ വാടക കുടിശിക ഇനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി

സ്വീകരിച്ചിട്ടുണ്ട് 16.08.22 ലെ മറുപടിയിൽ ആയത്തിന്റെ രേഖകൾ സഹിതം മറുപടിലഭ്യമാക്കിയിട്ടുണ്ട്.

ബൈലോക്ക് അംഗീകാരം ലഭ്യമാക്കി, കുടിശിക പിരിച്ചെടുത്ത് വിവരം ഓഡിറ്റിന് റിപ്പോർട്ടുചെയ്യേണ്ടതാണ്.

## 1-14 തനത് ഫണ്ടിൽ നിന്നുള്ള മുൻകൂർ ചെലവുകൾ-രേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ സംബന്ധിച്ച്.

2021-22 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്ന് മുൻകൂറായി അനുവദിച്ച താഴെ പറയുന്ന തുകകൾ സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പിൽ അപാകങ്ങളുണ്ട്.

1. Advace To Acredited Agencies (460500399) എന്ന ഹെഡിൽ 190800/-രൂപ ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. ആയത് മുൻകൂർ ഗജിസ്റ്ററിൽ ചേർത്തിട്ടില്ല. ടി. തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

2. കോവിഡ് DCCയുടെ നടത്തിപ്പിനായി ആരംഭിച്ച പ്രത്യേക സംയുക്ത അക്കൌണ്ടിലേക്ക് തനത് ഫണ്ടിൽ നിന്ന് മുൻകൂറായി 859100 രൂപ നൽകിയിട്ടുണ്ട്. ആയത് ആയത് മുൻകൂർ ഗജിസ്റ്ററിൽ ചേർത്തിട്ടില്ല.

മുൻ കൂർ തുകകൾ ക്രമീകരിച്ച് സംക്ഷിപ്തം തയ്യാറാക്കാതെയാണ് വാർഷികകണക്ക് തയ്യാറാക്കിയിരിക്കുന്നത്.

3. കോവിഡ് DCCയുടെ നടത്തിപ്പിനായി പ്രത്യേക അക്കൌണ്ടിലേക്ക് മുൻകൂർ തുക അനുവദിക്കാൻ തുടങ്ങിയ ശേഷവും കോവിഡ് DCC യിലെ ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്ന് സമാന്തര ചെലവുകൾ നടത്തിയിട്ടുണ്ട്. 230800114 എന്ന അക്കൌണ്ട് ഹെഡിലെ ചെലവ് 1292671 രൂപയാണ്. 300000 രൂപ CFCഗ്രാന്റിൽ നിന്ന് തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തതിന് ശേഷമുള്ള 992671രൂപ കോവിഡ് നിയന്ത്രണത്തിനായി അംഗീകാരം നേടിയ തനത് ഫണ്ട് പ്രൊജക്ടിനു കീഴിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

4. കോവിഡ് DCCയുടെ നടത്തിപ്പിനായി മുൻകൂർ തുക അനുവദിക്കുന്നതിന് ആരംഭിച്ച പ്രത്യേക സംയുക്ത അക്കൌണ്ട് സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. കോവിഡ് നിയന്ത്രണത്തിന്റെ ഭാഗമായി താൽക്കാലിക ആംബുലൻസ് ഉപയോഗിച്ച ഇനത്തിൽ ചെലവുകൾ ഉണ്ടെങ്കിലും വാഹനം ലഭ്യമാക്കിയതിന്റെ നടപടിക്രമങ്ങൾ സംബന്ധിച്ച് യാതൊരു രേഖകളും ലഭ്യമായില്ല. മേൽ സൂചിപ്പിച്ച അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ആംബുലൻസ് സന്നദ്ധ സേവനതിതിന് സൌജന്യമായി ലഭ്യമായതാണെന്നും പരിപാലന ചെലവ് മാത്രമാണ് തനത് ഫണ്ടിൽ നിന്ന് നടത്തിയതെന്നും അറിയിച്ചിട്ടുണ്ട്. അസാധാരണ സാഹചര്യങ്ങളിലെ ഇത്തരം ചെലവുകൾ അസാധാരണ ചെലവുകളുടെ രജസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മുൻകൂറായി നൽകുന്ന തുകകൾ നേരിട്ട് ചെലവ് ഹെഡിൽ രേഖപ്പെടുത്താതിരിക്കാനും അഡ്വാൻസ് രജിസ്റ്ററിൽ ചേർക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-15 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് തുക മുൻകൂർ നൽകിയത്- സാമഗ്രികൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. നടപടി സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് നം. 146/21 .ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും.

അടങ്കൽ-100000

ചെലവ്- 98,674.BRN:856642/29.12.21

നിർവ്വഹണം-സെക്രട്ടറി

CPRCSമുഖേന താഴെ പറയുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാണ് കെൽട്രോണിന് തുക നൽകിയത്.

1.Desktop -Intel Processor- Medium End W-10 Prof. 1.no- 39797/-

2.A4 Multifuction Printer-entry Level-Ubuntu. 1.no- 20018/-

3.A4 Monochrome Network Laser Printer. Ubuntu. 3.no- 38859/-

ആകെ 98,674/-

ഇതിൽ ക്രമ നം 1 പ്രകാരമുള്ള Desktop മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഓഡിറ്റ് അന്വേഷണത്തിന് (നം.2/11.8.22)ലഭ്യമാക്കിയ മറുപടിയിൽ ബാക്കി ഉപകരണങ്ങൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ക്രമ നം 2,3 എന്നിവ പ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 പദ്ധതികൾ ഉപേക്ഷിക്കപ്പെട്ട സാഹചര്യം വിലയിരുത്തേണ്ടതാണ്.

തൻവർഷം വി.ഇ.ഒ നിർവ്വഹണം നടത്തുന്നതിന് അംഗീകാരം ലഭിച്ച താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത പദ്ധതികൾ 2022-23 ലേക്ക് സ്പിൽ ഓവറാക്കാതെ ഉപേക്ഷിക്കുകയാണ് ഉണ്ടായത്.

| പ്രൊജക്റ്റ് | അടങ്കൽ തുക | ഫണ്ട് |
|---|---|---|
| 38-വ്യക്തിഗത സ്വയം തൊഴിൽ സംരംഭം – വനിത | 3,50,000 | Plan-SCP |
| 133 SO-ഗാർഹിക ശൌചാലയം നിർമ്മാണം-ODF | 58800 | CFC Grant |
| 195 -മേൽപ്പുര റിപ്പയർ -വനിത | 500000 | Plan-SCP |
| 104 – ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ-വ്യക്തിഗതം | 500000 | Plan General |

ടി പദ്ധതികൾ നടപ്പിലാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/20.8.22) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതികളുടെ ആവശ്യകതയും സാധ്യതയും പരിശോധിക്കാതെയാണ് പദ്ധതികൾ രൂപീകരിക്കപ്പെട്ടത് എന്നാണ് വ്യക്തമാകുന്നത്. ഫണ്ടുകൾ ലാപ്സാക്കാതെ വികസന പ്രവർത്തനം ഉറപ്പാക്കുന്ന വിധത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-17 എം.സി.എഫ് ലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് അടിസ്ഥാന സൌകര്യങ്ങൾ ഇല്ല-നടപടി സ്വീകരിക്കണം.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി എം.സി.എഫ് ലേക്ക് ക്ലീൻ കേരള കമ്പനി മുഖേന ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. പ്രൊ.നം- 136/22(SO), ചെലവ്-561216/-വൌച്ചർ നം62/14.7.2021: PBIG ഫണ്ട്.

എന്നാൽ മെഷീൻ നാളിതുവരെ പ്രവർത്തിപ്പിച്ച് തുടങ്ങിയിട്ടില്ല. വിതരണ സ്ഥാപനവുമായി ചമച്ച കരാർ, മെഷീന്റെ വാറന്റി വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/22.8.22), കെട്ടിടത്തിൽ ത്രീ ഫേസ് കണക്ഷൻ ഇല്ലാത്തതിനാലാണ് മെഷീൻ ഉപയോഗിച്ച് തുടങ്ങാത്തത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ നിഷ്ക്രിയ ആസ്തിയാകാതെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-18 ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികൾ

2021-22 വർഷം ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പ്രൊജെക്റ്റുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ /പേര് | അടങ്കൽ ചെലവ് |
|---|---|---|
| 1 | 107/22: ജി എൽ പി സ്കൂളിന് പെയിന്റിംഗ് | 50000/- 44900/- |
| 2 | 35/22: ഹൈസ്കൂൾ ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണം SC | 400000/- 400000/- |
| 3 | 138/22: തുടർസാക്ഷരതാ പ്രവർത്തനം | 50000/- 40800/- |
| 4 | 108/ജി.എൽ.പി. സ്കൂളിന് ഫർണിച്ചർ വാങ്ങൽ | 125000/- 123284/- |
| 5 | 6/22: എസ് എസ് എ വിഹിതം | 970000/- 970000/- |

വിദ്യാഭ്യാസ മേഖലയിൽ ഹെഡ് മിസ്ട്രസ് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 5 പ്രൊജക്ടുകളും നല്ല രീതിയിൽ നിർവഹിച്ചതിന് അഭിനന്ദനം അർഹിക്കുന്നു. പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകളും, വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗരേഖ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകളും പാലിക്കുന്നതിൽ ശ്രദ്ധിച്ചിട്ടുമുണ്ട്. കൂടാതെ അർഹമായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണഫലം സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിലും പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ കാര്യക്ഷമത തുടരേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് എസ്.എസ്.എ. വിഹിതമായി നൽകുന്ന തുകയുടെ വിനിയോഗം ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതുമാണ്.

1-19 കന്നുകുട്ടി പരിപാലനപദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി കന്നുകുട്ടി പരിപാലനപദ്ധതി എന്ന പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 85/2022 കന്നുകുട്ടി പരിപാലനം |
| അടങ്കൽ തുക | 725000 (വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് തുക | 181250 |
| ബിൽ നമ്പർ, തിയതി, തുക | 01/11.10.21 – 131250 03/25.11/21 - 50000 |

വെറ്ററിനറി ക്ലിനിക്കിൽ സൂക്ഷിച്ചിട്ടുള്ള കന്നുകുട്ടി ജനനരജിസ്റ്ററിൽ പേര് രജിസ്റ്റർ ചെയ്ത 29 ഗുണഭോക്താക്കളുടെ 4 മുതൽ 6മാസം വരെ പ്രായമുള്ള ഒരു കന്നുകുട്ടിയെ വീതം കന്നുകുട്ടി പരിപാലന പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് വിഹിതമായ 181250 രൂപ പാലക്കാട് ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ, Calf Feed Subsidy Programme ന് ( A/c No- 714021400000008) കൈമാറിയിട്ടുണ്ട്. കോട്ടടി ക്ഷീരസഹകരണസംഘം മുഖേനയാണ് പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. തുടർച്ചയായ മാസങ്ങളിൽ കാലിത്തീറ്റ കൈപ്പറ്റാത്തതിനെ തുടർന്ന് പദ്ധതിയിൽ എൻറോൾ ചെയ്ത മണികണ്ഠൻ വെട്ടുകാട് , ജയന്തി എന്നീ 2 ഗുണഭോക്താക്കളെ

പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ മണികണ്ഠൻ , വെട്ടുകാട് ഒരു ഗഡു മാത്രം കൈപ്പറ്റിയിട്ടുണ്ട്. ജയന്തി രണ്ടു ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതിനാൽ ടി ഗുണഭോക്താക്കൾക്കായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.നിലവിൽ പദ്ധതി തുടർന്നുകൊണ്ടിരിക്കുകയാണ്. ( ഓഡിറ്റ് അന്വേഷണം നം – 3/ 12.08.22 )

പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കേണ്ടതും പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-20 വയോജനങ്ങൾക്കു കട്ടിൽ പദ്ധതി - ബില്ലിൽ നിന്നും ജി.എസ്.ടി ടി.എഡി.എസ് നടത്തിയത് - വിശദാംശങ്ങൾ ലഭ്യമാക്കണം.

| പ്രോജക്ട് നം., പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 140 വയോജനങ്ങൾക്ക് കട്ടിൽ - ജനറൽ (സ്റ്റീൽ ഓവർ) | 352350 (350000വികസന ഫണ്ട് ജനറൽ + 2350- തനതുഫണ്ട്) | 352000 (350000വികസന ഫണ്ട് ജനറൽ+ 2000- തനതുഫണ്ട്) | 03/04-08-21<br>10/19.11.21<br>Requisition No-5085801101210008/18.09.21 |
| നിർവ്വഹണം | | ഐ.സി.ഡി.എസ് . സൂപ്പർവൈസർ | |

മേൽ സൂചിപ്പിച്ച പദ്ധതിക്കായി ആർട്കോയിൽ നിന്നാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. ആകെ 88കട്ടിലുകൾ ഇൻവോയ്സ് നം. 150 /28-10-20, 33/13.08.21 എന്നിവ പ്രകാരം ആർട്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം. ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS ( TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം ആർട്ട്കോയിൽ (Artisans Development Co-Operative LTD) നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം കുറവുചെയ്യേണ്ട 2% ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ വാങ്ങലുകൾക്ക് തുക അനുവദിച്ചപ്പോൾ 2% ടി.ഡി.എസ് നടത്താതെ തുക പൂർണ്ണമായും വിതരണക്കാരന് അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 20/ 22.08.22) ആർട്ട്കോ ജി.എസ്.ടി കൊടുത്തിട്ടുണ്ട് എന്ന് അറിയിച്ചതിനാലാണ് അവർക്കുള്ള തുകയിൽ നിന്നും ടി.ഡി.എസ് നടത്താതിരുന്നത് എന്ന് നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന നിർമാണ പദ്ധതി- നിർമ്മാണ പൂർത്തീകരണത്തിന് നടപടി സ്വീകരിക്കണം

ലൈഫ് ഭവന നിർമാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ ആദ്യഗഡുക്കൾ കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ ഇതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് കാണുന്നു. ഓഡിറ്റ്

അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ വി.ഇ ഒ പദ്ധതി നിർവ്വഹണത്തിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കിയിട്ടുണ്ട്.

ലൈഫ് ഭവനനിർമ്മാണം രണ്ടാം ഘട്ടം -ജനറൽ

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | കൈപ്പറ്റിയ തുക | ഏറ്റവും ഒടുവിൽ തുക കൈപ്പറ്റിയ തിയ്യതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | അനിത,ചേനാത്ത് മഞ്ഞളൂർ | 40,000 | 21.7.2018 | പണി ആരംഭിച്ചിട്ടില്ല. ഗുണഭോക്താവ് സ്ഥലത്തില്ല. |
| 2 | ശോഭന ശിവദാസൻ-പെരുംകുന്നം | 40000 | 30.8.2018 | ഗുണഭോക്താവിന് പ്രവൃത്തി തുടരാൻ താൽപര്യമില്ല. |
| 3 | ബീന ഇരട്ടോട് | 360000 | 18.3.20 | ലിന്റൽ വരെ ചെയ്തു. |

ലൈഫ് ഭവനനിർമ്മാണം രണ്ടാം ഘട്ടം -SC

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | കൈപ്പറ്റിയ തുക | ഏറ്റവും ഒടുവിൽ തുക കൈപ്പറ്റിയ തിയ്യതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ലക്ഷ്മി, പറച്ചിരിക്കാട് | 40,000 | 12.7.2018 | പണി ആരംഭിച്ചിട്ടില്ല. ഗുണഭോക്താവ് സ്ഥലത്തില്ല |

ലൈഫ് ഭവനനിർമ്മാണം മൂന്നാം ഘട്ടം-SC

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | കൈപ്പറ്റിയ തുക | ഏറ്റവും ഒടുവിൽ തുക കൈപ്പറ്റിയ തിയ്യതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ലക്ഷ്മി, കിഴക്കേത്തറ | 40,000 | 22.6.2020 | പണി ആരംഭിച്ചിട്ടില്ല. ഗുണഭോക്താവ് സ്ഥലത്തില്ല |
| 2 | ഇന്ദിര തിരുവക്കാട് | 40000 | 18.3.2020 | പണി ആരംഭിച്ചിട്ടില്ല. ഗുണഭോക്താവിന് പ്രവൃത്തി തുടരാൻ താൽപര്യമില്ല |
| 3 | സിന്ദു സന്തോഷ് വിളയൻചാത്തനൂർ | 200000 | 13.1.22 | ലിന്റൽ വരെ ചെയ്തു. പണി തുടരുന്നു |
| 4 | രോഷിണി വിളയൻചാത്തനൂർ | 300000 | 22.7.2020 | ലിന്റൽ വരെ ചെയ്തു.പണി തുടരുന്നു |

| | | | | |
|---|---|---|---|---|
| 5 | ഷൈജ ജയകൃഷ്ണൻ ഇലമന്ദം | 40000 | 18.2.21 | പണി ആരംഭിച്ചിട്ടില്ല. ഗുണഭോക്താക്കൾ കണ്ണാടി ഗ്രാമ പഞ്ചായത്തിന്റെ ഭൂരഹിത ഭവന രഹിത ലിസ്റ്റിൽ ഉൾപ്പെട്ട് തേങ്കുറിശ്ശി ഗ്രാ.പ പരിധിയിൽ സ്ഥലം ലഭിച്ച് വന്നവരാണ്. വീട് പണിയുടെ ആദ്യഗഡു കൈപ്പറ്റി. ഗുണഭോക്താവിനെ ബന്ധപ്പെടാനോ തുടർ നിർദ്ദേശങ്ങൾ നൽകാനോ കഴിയുന്നില്ല |

ലൈഫ് ഭവനനിർമ്മാണം മൂന്നാം ഘട്ടം-ജനറൽ

| ക്രമ നം | ഗുണഭോക്താക്കളുടെ വിവരം | കൈപ്പറ്റിയ തുക | ഏറ്റവും ഒടുവിൽ തുക കൈപ്പറ്റിയ തിയ്യതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഷെറീഫ എറവക്കോട് | 40,000 | 28.1.2021 | പണി ആരംഭിച്ചിട്ടില്ല. കുഴൽമന്ദം ഗ്രാമ പഞ്ചായത്തിന്റെ ഭൂരഹിത ഭവന രഹിത ലിസ്റ്റിൽ ഉൾപ്പെട്ട് തേങ്കുറിശ്ശി ഗ്രാ.പ പരിധിയിൽ സ്ഥലം ലഭിച്ച് വന്നവരാണ്. വീട് പണിയുടെ ആദ്യഗഡു കൈപ്പറ്റി. ഗുണഭോക്താവിനെ ബന്ധപ്പെടാനോ തുടർ നിർദ്ദേശങ്ങൾ നൽകുന്നതിനോ കഴിയുന്നില്ല |

നിർമ്മാണ പുരോഗതിയുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/20-08-2022) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, പല തവണ ഗുണഭോക്താക്കളുടെ യോഗം വിളിച്ച് ചേർത്തും നേരിൽ കണ്ടും പണി പൂർത്തീകരിക്കാൻ ആവശ്യപ്പെടുകയുണ്ടായി എന്നും എന്നാൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാഗികമായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് മോണിട്ടറിംഗ് സമിതി കാര്യക്ഷമമായി ഇടപെടേണ്ടതാണ്. മറ്റ്

പഞ്ചായത്തുകളിലെ താമസക്കാരായ ഗുണഭോക്താക്കൾ ഉൾപ്പെട്ട വിഷയങ്ങൾ ബ്ലോക്ക് തലത്തിൽ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-22 മാർഗ്ഗദീപ്തി പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | പ്രൊജക്ട് നമ്പർ - 101 , മാർഗ്ഗദീപ്തി |
| അടങ്കൽ തുക | 30000 ( വികസനഫണ്ട് ) |
| ചെലവ് തുക | 14472 |
| ബിൽ നമ്പർ, തിയതി, തുക | 6/23.03.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി |

മേൽ സൂചിപ്പിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ട് നമ്പർ - 3624001800000019 ലേക്ക് 14472 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 05/ 12.08.22 ) മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക സ്കോളർഷിപ്പ് - ആവശ്യമായ തുക വകയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചു

| | | |
|---|---|---|
| പ്രൊജക്ട് നം | 141 (സ്പിൽ ഓവർ പ്രൊജക്ട്) | 45 |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം ഫോർ ഡിസ്എബിൾഡ് |
| അടങ്കൽ | 917550 ( Plan- 444200+ Own Fund -263350+ Block Share- 10000 + District Share – 200000 ) | 1200000( Plan-400000 + Own Fund -200000+ Block Share- 300000 + District Share – 300000 ) |
| ചെലവ് | 444200 ( Plan ) | 938000 |
| ബിൽ നം, തീയതി | 4/ 04.08.21 – 38150<br>5/04.08.21 - 406050 | 12/1012.21 – 95800<br>8/27.10.21- 304200<br>9/19.11.21- 300000( DISTRICT SHARE)<br>Cheque No – XY- 1842632/29.10.21 – 38000 (BLOCK SHARE)<br>Cheque No – 089070 /15.12.22 – 6000 ( OWN FUND)<br>5359008/26.3.22- 194000/- (Own Fund) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | I.C.D.S സൂപ്പർവൈസർ. |

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക സ്കോളർഷിപ്പ് നൽകുന്നതിനായി 2021-22 സാമ്പത്തികവർഷത്തിൽ ഒരു സ്പിൽഓവർപ്രൊജക്ട് ഉൾപ്പെടെ മേൽ സൂചിപ്പിച്ച പ്രകാരം 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊജക്ട് നമ്പർ 141, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയുംപ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 41 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട് . പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 33 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. (26 പേർക്ക് 13000 വീതം , ഒരാൾക്ക് 20650 , ഒരാൾക്ക് 20000 , ഒരാൾക്ക് 12000, ഒരാൾക്ക് 4000, ഒരാൾക്ക് 2600, രണ്ടുപേർക്ക് 5500 വീതം ) .

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28,500/- രൂപ വരെ നൽകാവുന്നതാണ്. എന്നാൽ അർഹമായ സ്കോളർഷിപ്പ് പൂർണ്ണമായും നൽകിയിട്ടില്ല.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കും സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയ നിരക്കിലും കുറഞ്ഞ നിരക്കിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ പറയുന്നു.

| പേര് | സ്റ്റാന്റേർഡ് | അർഹമായ തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|---|---|
| ശ്രീജിത് എസ് | 2 | 5300 | 2000 | 3300 |
| നന്ദന.എം. | 10 | 8000 | 2000 | 6000 |
| അഭിനയ.എ | 4 | 5300 | 3000 | 2300 |
| അഞ്ജു.പി.ബി. | Degree | 13000 | 4000 | 9000 |
| അഭിജിത്ത്.എസ്. | 10 | 8000 | 6800 | 1200 |
| ജിധിൻ.ഡി. | P.G | 13500 | 4000 | 9500 |
| വൈഷ്ണവി.പി.സി. | Dgree | 13000 | 8000 | 5000 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നം- 12 / 19.08.22 ) ബ്ളോക്ക് പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് അർഹമായ രീതിയിൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് സാധ്യമായില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രൊജക്ട് നമ്പർ 45, ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം ഫോർ ഡിസ് എബിൾഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ഡിസെബിലിറ്റിയുടെ വിശദാംശങ്ങൾ , അംഗീകൃത ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ എന്നിവ ഫയലിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി പദ്ധതിയിൽ അർഹമായ നിരക്കിലാണോ സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത് എന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധ്യമായില്ല. ( ഓഡിറ്റ് അന്വേഷണം - നം- 12 / 19.08.22 ).

വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 ഹോമിയോ ഡിസ്പെൻസറിക്ക മരുന്ന വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

| | | | |
|---|---|---|---|
| പ്രൊജക്ട് നം/പേര് | 75/ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ | അടങ്കൽ | 200000 (മെയിന്റനൻസ് ഗ്രാന്റ് - (Non Road ) |
| ചെലവ് | 200000 | ബിൽ/തീ | 7/10.08.21- 100000<br>8/15.02.22- 100000 |

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് തുക പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസിയുടെ മാനേജിങ്ങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നമ്പർ – 34306403911 ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇതിൽ 166702 രൂപയുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ( ഇൻവോയ്സ് നമ്പർ–എൽ.എഫ്.– 2579 തീയതി .06.03.22 – 100000 + ഇൻവോയ്സ് നമ്പർ– എൽ.എഫ്– 294 തീയതി 08.07.22 – 66702 ). ബാക്കി 33298 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയില്ല. ആയതിനാൽ 33298/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം – 13/19.08.22) മരുന്നുകൾ ലഭ്യമാക്കുന്നതിനായി കത്തയച്ചിട്ടുണ്ടെന്നും മരുന്നുകൾ ഡിസ്പെൻസറിയിൽ എത്തിച്ചുനൽകാമെന്ന് ഹോംകോ മാനേജിങ്ങ് ഡയറക്ടർ ഉറപ്പുനൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 നിക്ഷേപ പ്രവർത്തികൾ- മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കണം.

2021-22 സാമ്പത്തിക വർഷത്തിൽ തുക നൽകിയ താഴെ പറയുന്ന പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| നിർവ്വഹണ | പ്രൊജക്റ്റിന്റെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക/ഫണ്ട് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 171/22 വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ. | XVFC2021-22-P/8-17.3.22 (E-gram Swaraj) | 500000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 500000 |
| KSEB | 246/22 മരുതൻകാട് SC കോളനി-പോസ്റ്റ് മാറ്റിസ്ഥാപിക്കൽ. | BRN 497770/31-3-22 | 75819 (SCP) | 0 | 75819 |

നിക്ഷേപ പ്രവർത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-26 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതു വിവരങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം അംഗീകാരം ലഭിച്ച 74 പ്രൊജക്റ്റുകളിൽ 38 എണ്ണം (51%) മാത്രമാണ് നടപ്പിലാക്കി ബിൽ തുക ചലവഴിച്ചത്. ₹30138692/- പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിനായി വകയിരുത്തിയെങ്കിലും ₹9430552/- (31%) മാത്രമാണ് ചെലവഴിച്ചത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ താഴെ പറയുന്ന കാര്യങ്ങൾ പരാമർശിക്കുന്നുണ്ട്.

1. DSR നിരക്കിൽ മാറ്റം വന്ന സാഹചര്യത്തിൽ 3 തവണ നടത്തിയ സാധാരണ ടെണ്ടറിലും 2 തവണ നടത്തിയ ഇ- ടെണ്ടറിലും കരാറുകാർ പങ്കെടുത്തില്ല.

2. 2018ല നിരക്കിൽ എസ്റ്റിമേറ്റ് ഭേദഗതി വരുത്തുമ്പോൾ ശരാശരി 10 മുതൽ 25% വരെ അധിക തുക ആവശ്യമായി വരുന്നു.

3. ജൽ ജിവൻ മിഷൻ പ്രകാരം പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ചതിനാൽ റോഡുകൾ മിക്കവയും ഭാഗികമായി തകർന്നതിനാൽ എസ്റ്റിമേറ്റിൽ ഭേദഗതി ആവശ്യമായി വന്നു.

4. എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തിയ പ്രൊജക്ടുകൾക്ക് 24.1.22ലാണ് DPC അംഗീകാരം ലഭ്യമായത്. തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ നടത്തുമ്പോഴേക്കും സാമ്പത്തിക വർഷത്തിന്റെ അവസാനമായി. ഈ സാഹചര്യത്തിലാണ് പ്രൊജക്ടുകൾ പൂർത്തീകരിക്കുന്നതിലും തുക ചെലവഴിക്കുന്നതിലും കാലതാമസം നേരിട്ടത്.

ഓഡിറ്റ് നിർദ്ദേശം:

സ്റ്റാന്റിങ് കമ്മറ്റികളുടെ സമയോചിതമായ ഇടപെടലുകളിലൂടെ പദ്ധതിപ്രവർത്തനങ്ങളുടെ തടസങ്ങൾ ഒഴിവാക്കേണ്ടതും മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്. എങ്കിൽ മാത്രമേ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ. വരും വർഷങ്ങളിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പൊതുമരാമത്ത് പണി സ്ഥലത്ത് പ്രവൃത്തിയുടെ വിവരങ്ങൾ അടങ്ങിയ ബോർഡ് സ്ഥാപിക്കണം

1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 17(3)ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതും പ്രസ്തുത നോട്ടീസിൽ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യം അടങ്ങിയിരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(I) പണിയുടെ പേര്;

(Ii) പണി ചെയ്യിക്കുന്നത് കരാർ വ്യവസ്ഥയിലോ, പഞ്ചായത്ത് നേരിട്ടോ, ഗുണഭോക്തൃ സമിതി മുഖേനയോ എന്ന്;

Ii) കരാറുകാരന്റെ, അല്ലെങ്കിൽ ഗുണഭോക്തൃ സമിതി കൺവീനറുടെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും പേരും മേൽവിലാസവും;

(Iv) എസ്റ്റിമേറ്റ് തുകയും കാലാവധിയും;

(V) പണി തുടങ്ങിയ തീയതിയും ചെയ്തു തീർക്കേണ്ട തീയതിയും;

Vi) എസ്റ്റിമേറ്റിൽ പറയുന്ന സാധനസാമഗ്രികളുടെ വിവരണവും, ഗുണമേൻമയും അളവുകളും, വിലയും, സാധനങ്ങൾ എവിടെ നിന്നും, എങ്ങനെ പണിസ്ഥലത്തേക്ക് കൊണ്ടുവരുന്നു എന്നും;

Vii) കരാറുകാരന് അനുവദിച്ച ടെൻഡർ നിരക്ക്;

(Viii) പഞ്ചായത്ത് നേരിട്ട് പണി ചെയ്യിക്കുന്നതും ഗുണഭോക്തൃ സമിതി മുഖേന പണി ചെയ്യിക്കുന്നതുമായ സംഗതിയിൽ, അനുവദിച്ച കമ്പോളവില, പണിക്കുവേണ്ടി നിയോഗിക്കുന്ന കൂലിക്കാരുടെ എണ്ണം, പണികൂലി, നിരക്ക് മുതലായവ;

X) പണിക്കുവേണ്ടി നൽകിയ മുൻകൂർ തുകയുടേയും മറ്റ് ആനുകൂല്യങ്ങളുടേയും വിവരം

സർക്കാർ ഉത്തരവ് ഖണ്ഡിക 11.2ൽ 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരമായിരിക്കണം നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതെന്ന് പരാമർശിച്ചിട്ടുണ്ട്.

പ്രവൃത്തി സ്ഥലത്ത് പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ നോട്ടീസ് പതിപ്പിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6(2)/16-08-2022 നുള്ള മറുപടിയിൽ 2021-22 വർഷം പൂർത്തീകരിച്ച പ്രൊജക്ടുകളിൽ പ്രവൃത്തിയുടെ വിശദ വിവരങ്ങളടങ്ങിയ ബോർഡ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല എന്നും തുടർന്ന് പൂർത്തീകരിച്ച പ്രവൃത്തികളിൽ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം:

ചട്ടപ്രകാരമുള്ള മുഴവൻ വിവരങ്ങളും അടങ്ങിയ ബോർഡ് എല്ലാ മരാമത്ത് പ്രവ്യത്തികളുടെയും നിർവ്വഹണ സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

1-28 ടേക്ക് എ ബ്രേക്ക് - പൊതു ശുചിമുറി പ്രവർത്തനം തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണം

2021-22 വർഷം പാർട്ട് ബിൽ നൽകിയ ടേക്ക് എ ബ്രേക്ക് എന്ന പ്രവ്യത്തിയുടെ നിലവിലെ സ്ഥിതി അന്വേഷിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള [നമ്പർ 6-4(b)] മറുപടിയിൽ നിലവിൽ കെട്ടിട നിർമ്മാണവും ഇലക്ട്രിഫിക്കേഷനും പൂർത്തീകരിച്ചിട്ടുണ്ടെന്നും വൈദ്യുതി, വാട്ടർ കണക്ഷനുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായും അറിയിച്ചിട്ടുണ്ട്. പ്രവ്യത്തിക്കായി 2021-22 വർഷം ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 180/22: : ടേക്ക് എ ബ്രേക്ക് - പൊതു ശുചിമുറി നിർമ്മാണം |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹1,080,000/- CFC<br>₹420,000/- Central Fund |
| ചെലവ്യ തുക/ ബിൽ നം. | ₹167,562/- Vr. No.XVFC/2021-22/P/9<br>₹420,000/- Tr. Ch No.2103870/23.03.2022 |
| ഈടാക്കേണ്ട തുക | ₹5236+ GST |
| കരാറുകാരൻ | ആലത്തൂർ ലേബർ കോൺട്രാക്ട് ഏജൻസി |

പൊതു ശുചിമുറിയും കഫറ്റേരിയയും പ്രവർത്തനക്ഷമമാക്കി റിപ്പോർട്ടുചെയ്യേണ്ടതാണ്.

1-29 പാൽ സബ്സിഡി അനുവദിച്ചതിൽ കുറവ്

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് 2021-22 വർഷം രണ്ട് പ്രൊജക്ടുകളാണ് നടപ്പാക്കിയത്. 2021-22 വർഷത്തെ സബ്സിഡി നൽകുന്നതിന് ഒരു പ്രൊജക്ടും 2020-21ലെ സബ്സിഡി അനുവദിക്കുന്നതിനായുള്ള സ്പിൽ ഓവർ പ്രൊജക്ടും. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ നമ്പരും പേരും | അടങ്കൽ/ ഫണ്ടിനം | ചെലവ്/ ബിൽ നമ്പർ | സബ്സിഡി കാലയളവ് |
|---|---|---|---|
| 49/22: ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (ജന) | 300,000 വികസന ഫണ്ട് (പൊതുവിഭാഗം) | ₹300,000/- 1/13.1.22 | 2021 ഏപ്രിൽ മുതൽ ജൂലൈ വരെ @3/Litter<br>ഓഗസ്റ്റ് @0.73/Litter |
| 139/22(SO): ക്ഷീര കർഷകർക്ക് | 300,000 വികസന ഫണ്ട് (പൊതുവിഭാഗം) | ₹300,000/- 2/13.1.22 | 2020 ജൂൺ മുതൽ സെപ്റ്റംബർ |

| | | | |
|---|---|---|---|
| പാൽ ഉൽപ്പാദനത്തിന് സബ്സിഡി | | | വരെ @3/Litter |
| ആകെ | | 600,000 | |

രണ്ട് വർഷങ്ങളിലും മുഴവൻ കാലയളവിലെയും സബ്സിഡി കർഷകർക്ക് ലഭ്യമാക്കിയിട്ടില്ല. ഈ സാമ്പത്തിക വർഷം വികസന ഫണ്ട് (എസ്.സി.പി) ₹4527383/- ഉം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ്) ₹1281656/- ഉം ചെലവഴിക്കാനായിട്ടില്ല.

വരും വർഷങ്ങളിൽ ക്ഷീര കർഷകർക്ക് അർഹമായ സബ്സിഡി പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 16.8.22 & 17.8.22 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1700000 | 54/22: നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1700000 | 0 |
| | 2019-20 | 38,000 | 45/22: ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം ഫോർ ഡിസേബിൾഡ് | 38000 | 0 |
| | 2021-22 | 1674077 | 32/22: ലൈഫ് മിഷൻ ഭവന പദ്ധതി | 1674077 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (എസ്.സി.പി) | | |
| | 2019-20 | 805923 | 32/22: ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി.പി) | 805923 | 0 |
| | ആകെ | 4218000 | | 4218000 | 0 |
| പാലക്കാട് ജില്ല പഞ്ചായത്ത് | 2021-22 | 2635000 | 54/22: നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 2635000 | 0 |
| | 2021-22 | 300000 | 45/22: ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം ഫോർ ഡിസേബിൾഡ് | 300000 | 0 |
| | 2021-22 | 1960000 | 30/22: ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 1960000 | 0 |
| | 2021-22 | 440000 | 32/22: ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി.പി) | 440000 | 0 |
| | ആകെ | 5335000 | | 5335000 | |

32/22: ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി.പി) എന്ന പ്രൊജക്റ്റിനായി ചെക്ക് നമ്പർ 5352573/4.10.21 പ്രകാരം തനതുഫണ്ടിൽ നിന്നും ചെലവഴിച്ച ₹3297/- കൂടി ബ്ലോക്ക് പഞ്ചായത്ത് ധനസഹായം എന്ന ഇനത്തിലാണ് ചെലവ് പത്രികയിൽ രേഖപ്പെടുത്തിയത്. ആയതിനാൽ ഇതുൾപ്പെടെയുള്ള തുകയാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണം | പ്രൊജക്റ്റിന്റെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക/ഫണ്ട് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 171/22വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ. | XVFC2021-22-P/8-17.3.22 (E-gram Swaraj) | 500000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 500000 |
| KSEB | 246/22 മരുതൻകാട് SC കോളനി-പോസ്റ്റ് മാറ്റിസ്ഥാപിക്കൽ. | BRN 497770/31-3-22 | 75819 (SCP) | 0 | 75819 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹3,40,000/- (മൂന്നുലക്ഷത്തി നാൽപ്പതിനായിരം രൂപ) വരവുണ്ട്. ഈ തുക മുഴുവനായും ഇതേ വർഷം തന്നെ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന വായ്പ തുക | തൻ വർഷം വായ്പയായി ലഭ്യമാക്കിയ തുക | ആകെ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - KURDFC - വായ്പ | 29079819 | 340,000 | 29419819 | 2,024,000 | 0 | 27395819 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 17137.00 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-12-1 | 1,000 | മുഹമ്മദ് റാഫി, പി.കെ.ആർ മോഡേൺ റൈസ് മിൽ, | 121010101714/ 4.10.21 |
| 2011-12 | 2-5 | 1,750 | ചെയർ പെർസൻ/ മെമ്പർ സെക്രട്ടറി, കുടുംബ ശ്രീ | 121010500018/ 13.10.21 |
| 2020-21 | 1-12-1 | 400 | വേലായുധൻ | 121010101888/ 16.10.21 |
| 2019-20 | 1-15 | 960 | അഞ്ജലി. സി, ഷിബു ബാബു | 121010102721/ 3.12.21 |
| 2020-21 | 3-1 | 4,113 | ശശി കുമാർ കെ, അസിസ്റ്റന്റ് എഞ്ചിനീയർ | 121010103631/ 11.1.22 |
| 2020-21 | 3-1 | 4,114 | ദിനേഷ്. കെ, സെക്രട്ടറി | 121010103632/ 11.1.22 |
| 2016-17 | 3-5 | 4,200 | ഡോ. മഹി, MO(PHC) | 121010900004/ 9.3.22 |
| 2005-06 | 2-1-C | 600 | HM, JBS, വെമ്പല്ലൂർ | 121010105659/ 24.3.22 |
| ആകെ | | 17137 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-1 | 2014-15 | 4.1.13 | തൊഴിൽസേനയ്ക്കായി നൽകിയ കാർഷിക ഉപകരണങ്ങൾ ഉപയോഗമില്ലാതെ വിവിധ ഇടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പായിട്ടില്ല. |
| 2015-16 | 3-3 | 2016-17 | 9.3.2.7 | ജലവിതരണവും സാമ്പത്തിക ബാധ്യതയും (അവലോകനം) | തീർപ്പാക്കിയിട്ടില്ല. |
| 2017-18 | 3-1 | 2018-19 | അധ്യായം-1 | മോണിറ്ററിംഗ് സംവിധാനം ഇല്ല- നിർവ്വഹണഉദ്യോഗസ്ഥൻ പദ്ധതിപ്പണം ദുരുപയോഗം ചെയ്തു | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 94793758.54 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73644720.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33298 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 33298 | ഡോ. അശ്റഫ്. എസ് , മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 33298 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഒന്നുമില്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും

സ്ഥിരം മേൽവിലാസവും
ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി 7/276/98/ 24.09.1998 | 14 | റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി- 891/98/ 1.11.2005 | 1 | പുനരഭിപ്രായം |
| 1998-99 | എൽ.എഫ്.പി- 12-929/02 / 7.10.2002 | 8 | പുനരഭിപ്രായം |
| 1999-2000 | എൽ.എഫ്.പി12-929 /2002/7.10.2002 | 5 | സർചാർജ്ജ് നടപടി |
| 2000-01 | എൽ.എഫ്.പി 13/14/ 2005/26.10.2005 | 4 | പുനരഭിപ്രായം |
| 2001-02 | എൽ.എഫ്.പി 13/106 /2005/7.8.16 | 2 | പുനരഭിപ്രായം |
| 2002-03 | എൽ. എഫ്.പി15/ 932/2005/7.08.16 | 2 | പുനരഭിപ്രായം |
| 2003-04 | എൽ.എഫ്.പി15/1710 /2008/8.9.18 | 6 | പുനരഭിപ്രായം |
| 2004-05 | എൽ.എഫ്.പി-15/361 /2011/5.3.11 | 4 | പുനരഭിപ്രായം |
| 2005-06 | എൽ.എഫ്.പി-15/1921 /2015/14.01.16 | 1 | പുനരഭിപ്രായം |
| 2006-07 | എൽ.എഫ്.പി15-1250 /2011/8.8.11 | 3 | പുനരഭിപ്രായം |
| 2007-08 | എൽ.എഫ്.പി 15/1921 /2015/14.01.16 | 2 | സാധൂകരണം |
| 2008-09 | എൽ.എഫ്.പി 15/1208/2014 /8.8.14 | 3 | കത്ത് |
| 2009-10 | എൽ.എഫ്.പി-15/ 121/2014/29.03.2014 | 1 | ശുദ്ധിപത്രം |
| 2010-11 | എൽ.എഫ്.പി-15/1533 /2015/10.09.2015 | 2 | സർചാർജ്ജ് നടപടി |
| 2011-12 | എൽ.എഫ്.പി-15/1941 /2014/17.11.2014 | 2 | പുനരഭിപ്രായം |
| 2012-13 | എൽ.എഫ്.പി- 15-1026/2015/5.03.16 | 4 | പുനരഭിപ്രായം |
| 2013-14<br>2014-15 | കെ.എസ്.എ പി.കെ.ഡി15/364 /16/29.3.16 | 15 | പുനരഭിപ്രായം |
| 2015-16 | കെ.എസ്.എ പി.കെ.ഡി15/ 123/17 /27.01.17 | 2 | പുനരഭിപ്രായം |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ പി.കെ. ഡി15/1345 /17/26.07.17 | 4 | പുനരഭിപ്രായം |
| 2017-18 | കെ.എസ്.എ പി.കെ. ഡി15/ | 18 | പുനരഭിപ്രായം |
| 2018-19 | കെ.എസ്.എ പി.കെ. ഡി15/93 /2020/12-05-2020 | 20 | പുനരഭിപ്രായം |
| 2019-20 | KSA-PKD 15/533/2021 Dt. 12-4-21 | 18 | പുനരഭിപ്രായം |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക കണക്ക് പത്രികകൾ

| | | | |
|---|---|---|---|
| | Thenkurissi Grama Panchayat BALANCE SHEET | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 36110984.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3001.00 |
| 312000000 | Reserves | B-3 | 86204298.00 |
| | Total Reserve & Surplus | | 122318283.50 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7101116.54 |
| | Total Grants, Contributions for Specific Purposes | | 7101116.54 |
| | Loans | | |
| 330000000 | Secured Loans | B-5 | 27395819.00 |
| | Total Loans | | 27395819.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 485470.00 |
| 350000000 | Other Liabilities | B-9 | 1942247.50 |
| | Total Current Liabilities and Provisions | | 2427717.50 |
| | TOTAL LIABILITIES | | 159242936.54 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 104989098.00 |
| 411000000 | Accumulated Depreciation | B-11 | -276724.00 |
| 412000000 | Capital Work in Progress | B-11(a) | 3874088.00 |
| | Total Fixed Assets | | 108586462.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 60440.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 27395819.00 |
| 450000000 | Cash and Bank Balance | B-17 | 21149038.54 |
| 460000000 | Loans, Advances and Deposits | B-18 | 2051177.00 |
| Total Current Assets, Loans and Advances | | | 0.0 |

| | |
|---|---|
| Total Current Assets, Loans and Advances | 50656474.54 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 159242936.54 |

Thenkurissi Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3872929.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 374719.00 |
| 140000000 | Fee & User Charges | I-4(b) | 1761717.00 |
| 150000000 | Sale & Hire Charges | I-5(b) | 365455.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 164122447.00 |
| 171000000 | Interest Earned | I-8 | 441823.00 |
| 180000000 | Other Income | I-9 | 273226.00 |
| | Total Income | | 171212316.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13121415.00 |
| 220000000 | Administrative Expenses | I-11(b) | 1330101.00 |
| 230000000 | Operations & Maintenance | I-12(b) | 3813793.00 |
| 240000000 | Interest & Finance Charges | I-13 | 4207.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10919836.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 57954804.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3097812.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1598156.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 71343400.00 |
| 255000000 | Maintenance Projects | I-14(e) | 7167805.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| | Total Expenditure | | 171351329.00 |
| | Gross Surplus / Deficit of income over Expenditure | | -139013.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -160129.00 |
| | Net difference (Prior period Income - Prior period Expenditure) | | 21116.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

Thenkurissi Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3872929.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 374719.00 |
| 140000000 | Fee & User Charges | I-4(b) | 1761717.00 |
| 150000000 | Sale & Hire Charges | I-5(b) | 365455.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 164122447.00 |
| 171000000 | Interest Earned | I-8 | 441823.00 |
| 180000000 | Other Income | I-9 | 273226.00 |
| | Total Income | | 171212316.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13121415.00 |
| 220000000 | Administrative Expenses | I-11(b) | 1330101.00 |
| 230000000 | Operations & Maintenance | I-12(b) | 3813793.00 |
| 240000000 | Interest & Finance Charges | I-13 | 4207.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10919836.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 57954804.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3097812.00 |
| 253000000 | Decentralised Plan Programme- | I-14(c) | 1598156.00 |

| | | | |
|---|---|---|---|
| | Projects not included in Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 71343400.00 |
| 255000000 | Maintenance Projects | I-14(e) | 7167805.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| | Total Expenditure | | 171351329.00 |
| | Gross Surplus / Deficit of income over Expenditure | | -139013.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -160129.00 |
| | Net difference (Prior period Income - Prior period Expenditure) | | 21116.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)